# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3147 — 11-12-2014-ൽ മറുപടിക്ക്

### നെല്ല് സംഭരണയിനത്തിൽ കർഷകർക്ക് നല്കുവാനുള്ള തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | നെല്ല് സംഭരിച്ച ഇനത്തിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് എത്ര രൂപ കുടിശ്ശിക നല്കുവാനുണ്ട്; വിശദ വിവരം നൽകുമോ; | (എ) | 2014-15 ഒന്നാം സീസണിൽ പാലക്കാട് ജില്ലയിൽ നിന്നും (04-12-2014 വരെ) 828342.76 ക്വിന്റൽ നെല്ല് സപ്ലൈകോ സംഭരിച്ചു. നെൽ വിലയായി 140.25 കോടി രൂപ ഇതുവരെ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി കുടിശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്. |
| (ബി) | വരുംവർഷങ്ങളിൽ നെല്ല് സംഭരിക്കുമ്പോൾ തന്നെ കർഷകർക്കു പണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; ഇതിനായി അടുത്ത ബഡ്ജറ്റ് മുതൽ പണം വകയിരുത്തുമോ? | (ബി) | വരും വർഷങ്ങളിൽ നെല്ല് സംഭരിച്ച ഉടനെ കർഷകർക്ക് സംഭരണ വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ടി ആവശ്യത്തിലേക്ക് സപ്ലൈകോ ദേശസാൽകൃത ബാങ്കുകളായ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, പാലക്കാട് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ സംഭരണ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകി വരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽ നിന്ന് കോർപ്പറേഷൻ നേരിട്ട് വായ്പയെടുത്തും കർഷകരുടെ നെൽവില നൽകി വരുന്നു. വരും വർഷങ്ങളിൽ കൂടുതൽ ധനകാര്യ സ്ഥാപനങ്ങളുമായി ധാരണയിലെത്തുകയും കർഷകർക്ക് സംഭരണ വില വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും (2014-15 ഉൾപ്പെടെ) സംസ്ഥാന ബഡ്ജറ്റിൽ 180 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാവുന്നതിനാൽ നെല്ല് വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നു. സപ്ലൈകോ ഓരോ വർഷവും ഏകദേശം 5.5 ലക്ഷം മെ.ടൺ നെല്ല് സംഭരിക്കുന്നു. ഈയിനത്തിൽ സംസ്ഥാന സർക്കാർ ഏകദേശം 300 കോടി രൂപ വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തി യഥാസമയം അനുവദിച്ച് നെല്ല് സംഭരിച്ച ഉടനെ കർഷകരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ